**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3027** **14-02-2024 - ൽ മറുപടിയ്ക്ക്**

**ജനവാസ മേഖലയിലെ കാട്ടാനകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ജനവാസ മേഖലയിലെ കാട്ടാനസാന്നിധ്യം ഒഴിവാക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്തു നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ജനവാസമേഖലയിൽ കാട്ടാനസാന്നിധ്യം ഒഴിവാക്കുന്നതിനായി സംസ്ഥാനത്ത് വനാതിർത്തികളിൽ സൗരോർജ്ജവേലി, സോളാർ ഹാങ്ങിംഗ് ഫെൻസ്, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ,ട്രൈബൽ സെറ്റിൽമെന്റുകളിൽ സൗരോർജ്ജ വിളക്കുകൾ എന്നിവ സ്ഥാപിക്കുകയും, പരിപാലിക്കുകയും ചെയ്തുവരുന്നുണ്ട്. ഇതു കൂടാതെ സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനു വേണ്ടി നാട്ടിലിറങ്ങുന്ന കാട്ടാനകളെ കാട്ടിലേക്ക് തിരികെ അയക്കുന്നതിനായി കേരള വനം വകുപ്പിന്റെ കീഴിലുള്ള വിവിധ ഡിവിഷനുകളിലായി 15 ദ്രുത കർമ്മ സേനകൾ (കാസർഗോഡ്,കണ്ണൂർ, കോഴിക്കോട്, വയനാട്, കല്പറ്റ, നിലമ്പൂർ, മണ്ണാർക്കാട്, അട്ടപ്പാടി,പാലക്കാട്, ചാലക്കുടി, പീരുമേട്, മൂന്നാർ, റാന്നി, പുനലൂർ, പേപ്പാറ) രൂപീകരിച്ചിട്ടുണ്ട്. ടീമംഗങ്ങൾക്ക് ആവശ്യമായ പരിശീലനവും നൽകി വരുന്നു.സൗരോർജ്ജവേലിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി പ്രത്യേക ജീവനക്കാരേയും നിയോഗിച്ചിട്ടുണ്ട്. ജീവനക്കാരുടേയും വാച്ചർമാരുടേയും ഇ.ഡി.സി/വി.എസ്.എസ് അംഗങ്ങളുടേയും സഹകരണത്തോടെ വനാതിർത്തിക്കുള്ളിൽ പട്രോളിംഗ് നടത്തി നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് മടക്കി അയയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.വന്യജീവികൾ കുടിവെള്ളത്തിനായി നാട്ടിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനായി വനത്തിനുള്ളിൽ നിലവിലുള്ള ജലസ്രോതസ്സുകൾ ചെളിനീക്കി വൃത്തിയാക്കി നവീകരിച്ചു വരുന്നുണ്ട്. കൂടാതെ വനത്തിനുള്ളിലുള്ള വയലുകളിൽനിന്നും കളകൾ നീക്കി വന്യമൃഗങ്ങൾക്കുള്ള ഭക്ഷ്യലഭ്യത ഉറപ്പാക്കുന്നുണ്ട്. |
| (ബി) | ഓരോ പദ്ധതിക്കും എത്ര തുക വീതം ചെലവഴിച്ചു; | (ബി) | ഓരോ പദ്ധതിക്കും ചെലവാക്കിയ തുകയുടെ |

| | | | |
|---|---|---|---|
| | വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ; | | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ ജനവാസ മേഖലയിൽ ഇറങ്ങിയ കാട്ടാനകളെ തിരികെ അയക്കുന്നതിനുള്ള നടപടികൾക്കായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് ജനവാസ മേഖലയിൽ ഇറങ്ങിയ കാട്ടാനകളെ തിരികെ അയക്കുന്നതിനുള്ള നടപടികൾക്കായി 86.133 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| പ്രതിരോധപ്രവർത്തനം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| സോളാർ പവർ ഫെൻസിംഗ് നിർമ്മാണം/അറ്റകുറ്റപ്പണി | 713.219 |
| ആനക്കിടങ്ങ് നിർമ്മാണം / അറ്റകുറ്റപ്പണി | 136.17 |
| ഹാഗിംഗ് സോളാർ പവർ ഫെൻസിംഗ് നിർമ്മാണം | 702.13 |
| ഡ്രൈ റബ്ബിൾ വാൾ | 0.950 |
| ആന പ്രതിരോധ മതിൽ | 65.660 |
| ട്രൈബൽ സെറ്റിൽമെന്റുകളിൽ സൗരോർജ്ജ വിളക്കുകൾ | 8.860 |
| **ആകെ** | **1626.989** |